"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - ഗ്രാമവികസന വകുപ്പിന്റെ അധീനതയിലുള്ളതും പേരൂർക്കട വില്ലേജിൽ സർവ്വേ നമ്പർ 84/2-ൽ ഉൾപ്പെട്ടതുമായ 79.04 സെന്റ് വസ്തുവിൽ നിന്നും ഉടമസ്ഥാവകാശം തദ്ദേശ സ്വയംഭരണ വകുപ്പിൽ നിലനിർത്തിക്കൊണ്ട് ഭൂമിയുടെ ഉപയോഗാനുമതി നൽകി തദ്ദേശസ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ച ഉത്തരവുകൾ -സാധൂകരിച്ച് ഉത്തരവാകുന്നു.

---

റവന്യൂ ( യു ) വകുപ്പ്

സ.ഉ.(കൈ) നം.356/2025/RD തീയതി,തിരുവനന്തപുരം, 29-12-2025

---

പരാമർശം:-

1. സ.ഉ.(സാധാ)നം.3150/2009/ത.സ്വ.ഭ.വ., തീയതി, 26.11.2009.
2. സ.ഉ.(സാധാ)നം.2388/2024/ത.സ്വ.ഭ.വ, തീയതി 07.12.2024.
3. സ.ഉ.(സാധാ)നം.251/2025/ത.സ്വ.ഭ.വ, തീയതി 25.01.2025.
4. സ.ഉ.(കൈ)നം.116/2019/റവ, തീയതി 02.04.2019.
5. സർക്കുലർ നം. എൽ 1/93/2024/റവ, തീയതി 02.04.2025.
6. ലാൻഡ് റവന്യൂ കമ്മീഷണറുടെ 04.05.2025, 01.09.2025 തീയതികളിലെ LR/3543/2025-LR (K2) നമ്പർ കത്തുകൾ.

**ഉത്തരവ്**

പേരൂർക്കട വില്ലേജിൽ സർവ്വേ നമ്പർ 84/2-ൽ ഉൾപ്പെട്ടതും, മുൻ ഗ്രാമവികസന വകുപ്പിന്റെ അധീനതയിലുള്ളതുമായ 79.04 സെന്റ് വസ്തുവിൽ 26.923 സെന്റ് വസ്തുവിന്റെ ഉടമസ്ഥാവകാശം ബ്ലോക്ക് പഞ്ചായത്തിൽ നിലനിർത്തി ലീഡ് ബാങ്ക് ആയ ഇന്ത്യൻ ഓവർസീസ് ബാങ്കിന് ഗ്രാമീണ സ്വയം തൊഴിൽ പരിശീലന കേന്ദ്രത്തിനു കെട്ടിടം RURAL SELF EMPLOYMENT TRAINING INSTITUTE (RSETI) നിർമ്മിക്കുന്നതിനായി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2. മേൽ പ്രകാരം ഉപയോഗാനുമതി നൽകിയിട്ടുള്ള 26.923 സെന്റ് വസ്തുവിന് പുറമേ, ഉടമസ്ഥാവകാശം തദ്ദേശ സ്വയംഭരണ വകുപ്പിൽ നിലനിറുത്തിക്കൊണ്ട്, 1.24 സെന്റ് വസ്തു ഇന്ത്യൻ ഓവർസീസ് ബാങ്കിന് (അനുബന്ധ റോഡിനായി) മേൽ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി പരാമർശം (2) പ്രകാരം ഉപയോഗാനുമതി നൽകി ഉത്തരവാകുകയുണ്ടായി.

3. ഗ്രാമ വികസന വകുപ്പിന്റെ ഉടമസ്ഥതയിലുണ്ടായിരുന്നതും, നിലവിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഭാഗവുമായ, പേരൂർക്കട വില്ലേജിൽ സർവ്വേ നം. 84/2-ൽ ഉൾപ്പെട്ട 79.04 സെന്റ് വസ്തുവിൽ നിന്നും RSETI കെട്ടിട നിർമ്മാണത്തിനും അനുബന്ധ റോഡിനുമായി വിട്ടുനൽകിയ 28.163 (26.923+1.24) സെന്റ് സ്ഥലം ഒഴികെ രേഖകൾ പ്രകാരം 50.877 സെന്റ് സ്ഥലം വട്ടിയൂർക്കാവ് ഗവ.എൽ.പി സ്കൂളിന് കെട്ടിടം നിർമ്മിക്കുന്നതിനായി ഉടമസ്ഥാവകാശം തദ്ദേശ സ്വയംഭരണ വകുപ്പിൽ നിലനിർത്തിക്കൊണ്ട് വിദ്യാഭ്യാസ വകുപ്പിന് കൈമാറുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു.

4. സർക്കാർ ഭൂമിയുടെ ഉടമസ്ഥാവകാശം, ഭൂമി പാട്ടത്തിന് കൊടുക്കൽ, പതിച്ചു നൽകൽ, ഭൂസംരക്ഷണം തുടങ്ങിയ കർത്തവ്യങ്ങൾ റവന്യൂ വകുപ്പിൽ മാത്രം നിക്ഷിപ്തമാണെന്നും, സർക്കാർ ഭൂമി ഏത് വകുപ്പിന്റേതായാലും അപ്രകാരം നൽകുന്നതിനുള്ള ഉത്തരവുകൾ പുറപ്പെടുവിക്കാൻ നിലവിലുള്ള ചട്ടങ്ങൾ അനുസരിച്ച് റവന്യൂ വകുപ്പിന് മാത്രമേ അധികാരമുള്ളൂ എന്നും, ടി വകുപ്പിൽ നിന്നല്ലാതെ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പാലിക്കപ്പെടേണ്ടതില്ലായെന്നും, അത്തരം ഉത്തരവുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ് എന്നും പരാമർശം യഥാക്രമം (4), (5) പ്രകാരം ഉത്തരവായിരുന്നു.

5. സ.ഉ. (സാധാ) നമ്പർ. 251/2025/LSGD, തീയതി 25.01.2025 നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ച ഭൂമി തദ്ദേശസ്വയംഭരണ വകുപ്പിന്റെ അധീനയിൽ ഉൾപ്പെടാത്തതിനാൽ റദ്ദാക്കണമെന്നും, പേരൂർക്കട വില്ലേജ് RURAL SELF EMPLOYMENT TRAINING INSTITUTE(RSETI) യ്ക്ക് കെട്ടിട നിർമ്മാണത്തിനായി അനുവദിച്ചിരുന്ന ഭൂമി ഡിമാർക്കേറ്റ് ചെയ്ത് നൽകണമെന്നുമുള്ള അപേക്ഷയിൽ സ്പഷ്ടീകരണവും സൂചന 6 പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ ആവശ്യപ്പെട്ടിരുന്നു.

6. സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. ഗ്രാമവികസന വകുപ്പിന്റെ അധീനതയിലുള്ളതും പേരൂർക്കട വില്ലേജിൽ സർവ്വേ നമ്പർ 84/2-ൽ ഉൾപ്പെട്ടതുമായ 79.04 സെന്റ് വസ്തുവിൽ നിന്നും ഉടമസ്ഥാവകാശം തദ്ദേശ സ്വയംഭരണ വകുപ്പിൽ നിലനിർത്തിക്കൊണ്ട് തദ്ദേശസ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ച ചുവടെ പറയുന്ന ഉത്തരവുകൾ സാധൂകരിച്ചുകൊണ്ട് ഉത്തരവാകുന്നു:

i) 26.923 സെന്റ് വസ്തുവിന്റെ ഉപയോഗാനുമതി ലീഡ് ബാങ്ക് ആയ ഇന്ത്യൻ ഓവർസീസ് ബാങ്കിന് നൽകി സൂചന 1 പ്രകാരം പുറപ്പെടുവിച്ച 26.11.2009-ലെ സ.ഉ (സാധാ) നം. 3150/2009/ത.സ്വ.ഭ.വ ഉത്തരവ്.

ii) 1.24 സെന്റ് വസ്തുവിന്റെ ഉപയോഗാനുമതി ഇന്ത്യൻ ഓവർസീസ് ബാങ്കിന് നൽകി സൂചന 2 പ്രകാരം പുറപ്പെടുവിച്ച 07.12.2024-ലെ സ.ഉ (സാധാ) നം. 2388/2024/ത.സ്വ.ഭ.വ ഉത്തരവ്.

iii) RSETI കെട്ടിട നിർമ്മാണത്തിനും അനുബന്ധ റോഡിനുമായി വിട്ടുനൽകിയ 28.163 (26.923+1.24) സ്ഥലം കഴിച്ച് 50.877 സെന്റ് സ്ഥലം വട്ടിയൂർക്കാവ് ഗവ.എൽ.പി സ്കൂളിന് കെട്ടിടം നിർമ്മിക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പിന് കൈമാറുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി സൂചന 3 പ്രകാരം പുറപ്പെടുവിച്ച 25.01.2025-ലെ സ.ഉ. (സാധാ) നം. 251/2025/ത.സ്വ.ഭ.വ ഉത്തരവ്.

7. ഭൂമി ഡിമാർക്കേറ്റ് ചെയ്ത് നൽകണമെന്ന അപേക്ഷയിന്മേൽ ആവശ്യമായ നിയമാനുസൃത തുടർ നടപടികൾ ജില്ലാ കളക്ടർ അടിയന്തരമായി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം ജി രാജമാണിക്കം
സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
തദ്ദേശ സ്വയം ഭരണ (RE) വകുപ്പ്.
ഡയറക്ടർ, IOBRSETI, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ആഡിറ്റ് ), കേരള, തിരുവനന്തപുരം.
പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Signed by
Sindhu L V
Date: 30-12-2025 11:14:48
സെക്ഷൻ ഓഫീസർ.

പകർപ്പ് :- ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂ വകുപ്പ് സെക്രട്ടറിയുടെ പി എ